# കേരളസർവകലാശാല

നം.പി.ആർ.216/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ./എം.എസ്സി./എം. കോം./എം.എസ്.ഡബ്ല്യൂ./എം.എം.സി.ജെ. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഒക്ടോബർ 22 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ എം.സി.എ. (2020 സ്കീം, 2020 അഡ്മിഷൻ), ഏപ്രിൽ 2022 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ മാറ്റിവച്ചു

കേരളസർവകലാശാല 2022 ഒക്ടോബർ 20 മുതൽ നടത്താൻ തീരുമാനിച്ചിരുന്ന നാലാം സെമസ്റ്റർ ബി.എസ്സി. ബോട്ടണി & ബയോടെക്നോളജി (247) കോഴ്സിന്റെ (കോംപ്ലിമെന്ററി – ബയോകെമിസ്ട്രി), ബി.എസ്സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (248) കോഴ്സിന്റെ (കോർ – ബയോകെമിസ്ട്രി), (വൊക്കേഷണൽ – മൈക്രോബയോളജി) എന്നീ പ്രാക്ടിക്കൽ പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ പരീക്ഷാത്തീയതികൾ പിന്നീട് അറിയിക്കുന്നതാണ്. ഒക്ടോബർ 20 ന് മുൻപുള്ള മേൽപറഞ്ഞ പരീക്ഷകൾ മുൻ നിശ്ചയപ്രകാരം നടത്തുന്നതാണ്.

കേരളസർവകലാശാല 2022 ഒക്ടോബർ 18 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ ബി.എസ്സി. ബോട്ടണി & ബയോടെക്നോളജി (247), ബി.എസ്സി. ബയോടെക്നോളജി (മൾട്ടിമേജർ) (350) കോഴ്സുകളുടെ ബയോടെക്നിക്സ്, ബോട്ടണി, സുവോളജി, കോംപ്ലിമെന്ററി എന്നീ പ്രാക്ടിക്കൽ പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### പ്രോജക്ട് – തീയതി നീട്ടി

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം./എം.എസ്.ഡബ്ല്യൂ. ന്യൂജനറേഷൻ ഡിഗ്രി പരീക്ഷകളുടെ പ്രോജക്ട് സമർപ്പിക്കാനുള്ള അവസാന തീയതി നീട്ടിയിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### സ്പെഷ്യൽ പരീക്ഷ

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ./എം.എസ്സി./എം. കോം. പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്ത് കോവിഡ് കാരണം എഴുതാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കാം. വിദ്യാർത്ഥികൾ അവരുടെ പേര്, കാൻഡിഡേറ്റ് കോഡ്, പ്രോഗ്രാമിന്റെ കോഴ്സ് കോഡ് എന്നിവ അടങ്ങുന്ന അപേക്ഷ ആരോഗ്യവകുപ്പിന്റെയോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ സാക്ഷ്യപത്രങ്ങൾ സഹിതം ഒക്ടോബർ 20 നകം അതാതു പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്.

### ടൈംടേബിൾ

കേരളസർവകലാശാല 2022 നവംബർ 8 ന് ആരംഭിക്കുന്ന ഒന്നാം വർഷ ബി.ബി.എ. ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ (റെഗുലർ – 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2020

അഡ്മിഷൻ, സപ്ലിമെന്ററി – 2018 & 2019 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പിഎച്ച്.ഡി. നൽകി

സുമി എസ്.എസ്. (സുവോളജി), വിദ്യ എസ്. (കെമിസ്ട്രി), നിഷ എസ്.എ. (ബോട്ടണി), ഇന്ദു ജി. കെ. (ജിയോളജി), നസീം എ., ജസീല തനിക്കാട് (കൊമേഴ്സ്), വിദ്യ എം. (കമ്പ്യൂട്ടർ സയൻസ്), ഉഷ കുമാരി കെ.എൽ. (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), ഷിബു കെ. (സിവിൽ എഞ്ചിനീയറിംഗ്), അനിഷ എൻ., സൗമ്യ എസ്. (ഇംഗ്ലീഷ്), സായിറാം ആർ. (ഫിലോസഫി), രാധ എസ്. (തമിഴ്), അശ്വതി എ.എൽ (കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്), റെജീന വി രാജൻ (ഫിസിക്സ്), സരിഗ സി ലാൽ (ഫിസിക്സ്), രതീഷ് എസ്. (സംസ്കൃതം) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തിരുവനന്തപുരം,
14.10.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**